(ബി) സംസ്ഥാനത്തെ ഓരോ എം.പി.-യും ഇതുപ്രകാരം കേന്ദ്ര റെയിൽ മന്ത്രിക്ക് രേഖാമൂലം നൽകിയ ആവശ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പുതിയ കേന്ദ്ര സർക്കാർ അധികാരത്തിൽ വന്നശേഷം പാർലമെന്റ് അംഗങ്ങൾ എഴുതി നൽകിയ ഏതെങ്കിലും റെയിൽ പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകിയതായുള്ള വിവരം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ബി) സംസ്ഥാനത്തെ ഓരോ എം.പി.-യും കേന്ദ്ര റെയിൽ മന്ത്രിക്ക് രേഖാമൂലം നേരിട്ട് നൽകിയ ആവശ്യങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല കൂടാതെ എല്ലാ പാർലമെന്റ് സമ്മേളനങ്ങൾക്കും മുന്നോടിയായി കേരളത്തിലെ ലോകസഭ, രാജ്യസഭാ എം.പി.-മാരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേരുകയും റെയിൽവേ വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുകയും അതിനുപുറമേ എല്ലാ വർഷവും റെയിൽ ബഡ്ജറ്റിന് മുന്നോടിയായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്ന കേരളത്തിലെ സമഗ്ര റെയിൽവേ വികസനത്തിന് പരിഗണിക്കേണ്ട കാര്യങ്ങൾ അടങ്ങുന്ന നിവേദനത്തിൽ ബഹുമാനപ്പെട്ട എം.പി.-മാരോട് നിർദ്ദേശങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് അവർ തരുന്ന വിവരങ്ങളും ചേർത്ത് വരുന്നുണ്ട്.

കേന്ദ്ര റെയിൽവേ ബഡ്ജറ്റിന് മുന്നോടിയായിട്ടുള്ള മുന്നൊരുക്കങ്ങൾ

123 (490) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റെയിൽവേ ലൈനുകളുടെ വൈദ്യുതീകരണം, പുതിയ പദ്ധതികളും ട്രെയിനുകളും എന്നിവ സംബന്ധിച്ച് അടുത്ത റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ എന്തെല്ലാം നടത്തി വരുന്നു എന്ന് വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ എം.പി.-മാരുമായി ബന്ധപ്പെട്ട് കേന്ദ്രത്തെ സമീപിച്ച് ആവശ്യങ്ങൾ സമർപ്പിക്കുന്നതിന് നടപടിയുണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സംസ്ഥാനത്തെ റെയിൽവേയുടെ സമഗ്ര വികസനത്തിനായി ചെയ്യേണ്ട കാര്യങ്ങൾ എല്ലാംതന്നെ വിശദമാക്കി മുൻ റെയിൽവേ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചവയിൽ ഇനിയും നടപ്പാക്കാത്ത കാര്യങ്ങൾക്കൊപ്പം മുൻഗണനാ ക്രമത്തിൽ ചേർത്ത് തയ്യാറാക്കിയ കരട് മെമ്മോറാണ്ടം സംസ്ഥാന സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ടി മെമ്മോറാണ്ടത്തിലെ ആവശ്യങ്ങളെല്ലാം തന്നെ 2016-17-ലെ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തി നേടിയെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താനായി കരട് മെമ്മോറാണ്ടം നിർദ്ദേശങ്ങൾ നൽകി വിപുലീകരിക്കുന്നതിന് പകർപ്പ് ബഹുമാനപ്പെട്ട എം.പി.-മാർക്ക് നൽകിയിരുന്നു. കൂടാതെ 17-11-2015-ൽ പാർലമെന്റിന്റെ ശീതകാല സമ്മേളന ത്തിന് മുന്നോടിയായി ചേർന്ന കേരളത്തിൽ നിന്നുള്ള എം.പി.-മാരുടെ യോഗത്തിൽ ടി മെമ്മോറാണ്ടവും കേരളത്തിലെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങളും ചർച്ച ചെയ്തിട്ടുണ്ട്. എം.പി.-മാരുടെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി വിശദമായ മെമ്മോറാണ്ടം 2015 ഡിസംബറിൽ കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന് സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ ടി വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ഡിസംബർ രണ്ടാം വാരം കേരളത്തിൽ നിന്നുള്ള എം.പി.-മാരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഡൽഹിയിൽ ചേരുവാനും തീരുമാനിച്ചിട്ടുണ്ട്.

റെയിൽവേ വികസന പ്രവർത്തനങ്ങൾ

124 (491) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസാക്ക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ റെയിൽവേ വികസന പ്രവർത്തനങ്ങൾക്ക് കേന്ദ്രം അനുവദിച്ച പണം വളരെക്കുറച്ചേ ചെലവാക്കിയിട്ടുള്ളൂ എന്ന റിപ്പോർട്ട് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതെക്കുറിച്ചുള്ള വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) റയിൽവേ വികസന പദ്ധതികൾ ഊർജ്ജിതമാക്കാനും, പണികൾ വേഗത്തിൽ പൂർത്തിയാക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?